പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2650 21/06/2012 ൽ മറുപടിയ്ക്ക്

റവന്യൂ കാര്യാലയങ്ങളുടെ ആധുനികവൽക്കരണവും റവന്യൂ കാർഡ് വിതരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. അടൂർ പ്രകാശ് (റവന്യൂ വകുപ്പ്മന്ത്രി ) |
| (എ) റവന്യൂ ആഫീസുകളുടെ ആധുനികവൽക്കരണത്തിനും നവീകരണ ത്തിനുമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;<br><br>(ബി) ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും<br>കണ്ണൂർ,പാലക്കാട് ജില്ലകളിൽ ഇപ്പോൾ നടപ്പാക്കി വരുന്ന ഇ - ഡിസ്ട്രിക്ട് പദ്ധതി പ്രകാരം ഒരു പൗരന് വീടിന് സമീപമുള്ള അക്ഷയ കേന്ദ്രങ്ങളിൽ റവന്യൂ ഓഫീസുകളിൽ നിന്നുള്ള വിവിധ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ സമർപ്പിക്കാവുന്നതും ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റ് പ്രസ്തുത കേന്ദ്രത്തിൽ നിന്നു തന്നെ സ്വീകരിക്കാവുന്നതുമാണ്. ഒരിക്കൽ സർട്ടിഫിക്കറ്റിന് അപേക്ഷിച്ച വ്യക്തിയുടെ പ്രസ്തുത സർട്ടിഫിക്കറ്റിനായി സമർപ്പിച്ച രേഖകളിൽ ഉള്ള വിവരങ്ങൾ ഇ - ഡിസ്ട്രിക്ട് ഡാറ്റാ ബേസിൽ ശേഖരിക്കപ്പെടുകയും ആയത് പിന്നീടുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസ് സന്ദർശിക്കാതെ തന്നെ പ്രസ്തുത പൗരന് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ കഴിയുകയും ചെയ്യും സർട്ടിഫിക്കറ്റുകൾ |

ലഭ്യമാക്കുന്നതിനുള്ള കാലതാമസവും, വില്ലേജ് ഓഫീസുകളിലെ തിരക്കും ഇതുമൂലം ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

ReLIS Kerala Version 2.0 എന്ന പദ്ധതി പ്രകാരം ഓൺലൈനായി പോക്കുവരവ് ചെയ്യുന്നതിനുള്ള സംവിധാനം പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തി പ്രസ്തുത പദ്ധതിയുടെ വിജയത്തോടെ ഇന്ത്യയിൽ ആദ്യമായി ഓൺലൈൻ പോക്കുവരവ് നടത്തുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ഇതുകൂടാതെ സംസ്ഥാനത്ത് ഒട്ടാകെ ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം നടന്ന് വരുകയാണ്. റീസർവ്വേ പുർത്തിയാക്കിയ 573 വില്ലേജുകളിൽ ഈ വർഷം തന്നെ ഓൺലൈൻ പോക്കുവരവ് സംവിധാനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | കുടുംബങ്ങൾക്ക് റവന്യൂ കാർഡ് ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | ഒരു പൗരനെ സംബന്ധിക്കുന്ന അത്യാവശ്യ വിവരങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട്. യൂണീക് തണ്ടപേർ കാർഡ് ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് റവന്യൂ വകുപ്പ് രൂപം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ